## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. T 1515

11.02.2013- ലെ
മറുപടിക്ക്.

### കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക

ചോദ്യം
ശ്രീമതി.കെ.എസ്.സലീഖ

ഉത്തരം.
ശ്രീ.കെ.സി.ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.)

(എ) നടപ്പു സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ;

(എ) നടപ്പുസാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2176.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ആയതിൽ 2012 ഡിസംബർ 31 വരെ എത്ര തുക ചെലവഴിച്ചു ;

(ബി) 31.12.2012 വരെ 844 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പു വർഷം ചെലവഴിക്കേണ്ട തുകയിൽ നിന്നും കേന്ദ്ര സർക്കാർ ഇപ്പോൾ എത്ര തുക നൽകാതെയിരിപ്പുണ്ട്. കാരണം വിശദമാക്കുമോ ;

(സി) നടപ്പുവർഷം ചെലവഴിക്കേണ്ട തുകയിൽ നിന്നും 1404.27 കോടി രൂപ 31.12.2012-ലെ കണക്ക് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. അതാത് വകുപ്പുകളിൽ നിന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് പ്രസ്തുത തുക ലഭിക്കുന്നതാണ്.

(ഡി) കേന്ദ്രം അനുവദിച്ചതിൽ ദേശീയ തൊഴിലുറപ്പു പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്കായി ഉപയോഗിക്കേണ്ട തുകയിൽ എത്ര തുക 2012 ഡിസംബർ 31 വരെ ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ഡി)

| | രൂപ കോടിയിൽ | | |
|---|---|---|---|
| | ഓപ്പണിങ് ബാലൻസ് | സെൻട്രൽ റിലീസ് | ചെലവഴിച്ചത് |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 85.81 | 1053.73 | 855.03 |
| ഇന്ദിരാ ആവാസ് യോജന | 62.52 | 108.65 | 116.49 |
| പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി | 175.68 | - | 38.27 |

(ഇ) ഇത്തരത്തിൽ കേന്ദ്ര ഫണ്ട് അനുവദിക്കുകയും ആയത് യഥാസമയം ഇപ്പോൾ ചെലവാക്കാതിരിക്കുകയും ചെയ്യുന്നതു മൂലം സംസ്ഥാനത്ത് ഗ്രാമീണ ജനങ്ങൾക്ക് ലഭിക്കേണ്ട സഹായങ്ങൾ ഇല്ലാതായെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) 31.12.2012 വരെയുള്ള കണക്കനുസരിച്ച് കേന്ദ്ര സർക്കാർ അനുവദിച്ച 2176.60 കോടി രൂപയിൽ 844 കോടി രൂപ (39%) ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് യഥാസമയം ചെലവാകാതിരിക്കുന്നതുമൂലം ഗ്രാമീണ ജനങ്ങൾക്ക് ലഭിക്കേണ്ട സഹായങ്ങൾ ഇല്ലാതായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) 11-ാം പദ്ധതിയിൽ കേന്ദ്ര പദ്ധതികൾക്കായി എത്ര തുക സംസ്ഥാനത്തിന് അനുവദിച്ചു; ഇതിൽ 2011-12-ൽ എത്ര തുകയാണ് നീക്കിവച്ചത് ;

(എഫ്) 11-ാം പദ്ധതിയിൽ കേന്ദ്ര പദ്ധതികൾക്കായി 5447.74 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു. 2011-12-ൽ 1406.28 കോടി രൂപയാണ് നീക്കിവച്ചത്.

(ജി) ഓരോ ബഡ്ജറ്റിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണവും തുകയും കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; ഇത് പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

(ജി) 11-ാം പദ്ധതിയുടെ കണക്കനുസരിച്ച് 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഒഴികെ കേന്ദ്ര പദ്ധതികളുടെ തുക അനുവദിച്ചതിൽ കുറവ് വന്നിട്ടില്ല. ബി.കെ.ചതുർവേദി കമ്മിറ്റി കേന്ദ്രാവിഷ്കൃത പദ്ധതി പുനഃസംഘടിപ്പിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

Bijumon

സെക്ഷൻ ഓഫീസർ